**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **08-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാലയിലെ പി.ജി സിലബസ്സിലെ തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വി.ഡി.സവർക്കർ, എം.എസ്.ഗോൾവാൾക്കർ, ദീൻദയാൽ ഉപാധ്യായ, ബൽരാജ് മധോക്ക് എന്നിവരുടെ പുസ്തകങ്ങൾ കണ്ണൂർ സർവകലാശാലയുടെ എം. എ ഗവേണൻസ് ആൻഡ് പൊളിറ്റിക്സിന്റെ സിലബസിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നോ; | (എ) | സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ധ സമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗി ക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവകലാശാല അംഗീകരിക്കുകയുമാണ് ഉണ്ടായത്. |
| (ബി) | യൂണിവേഴ്സിറ്റിയിലെ ബോർഡ് ഓഫ് സ്റ്റഡീസ് ആണോ പ്രസ്തുത തീരുമാനം കൈക്കൊണ്ടത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഒരു നാലംഗ വിദഗ്ധ സമിതിയെ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് തയ്യാറാക്കാനായി നിയോഗി ക്കുകയും പ്രസ്തുത സമിതി തയ്യാറാക്കി നൽകിയ സിലബസ് സർവകലാശാല അംഗീകരിക്കുകയുമാണ് ഉണ്ടായത്. |
| (സി) | പ്രസ്തുത പുസ്തകങ്ങൾ സർവകലാശാല സിലബസിൽ ഉൾപ്പെടുത്തിയതിന്റെ കാരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാല അധികൃതരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സിലബസ് സമഗ്രവും സന്തുലിതവുമല്ല എന്ന അഭിപ്രായം സർവ്വകലാശാലയോട് ആശയ വിനിമയം ചെയ്തിരുന്നു. വിഷയം വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ് എന്നതിനാൽ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് സൂചിപ്പിച്ചിരുന്നു. |
| (ഡി) | പുതിയ സിലബസിൽ നിന്നും പ്രസ്തുത പുസ്തകങ്ങൾ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | എം.എ. ഗവേണൻസ് ആന്റ് പൊളിറ്റിക്സ് പ്രോഗ്രാമിന്റെ സിലബസ് വിവാദവുമായി ബന്ധപ്പെട്ട് കണ്ണൂർ സർവകലാശാല നിയമിച്ച വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയുടെ |

| | | | |
|---|---|---|---|
| | | | പൊളിറ്റിക്കൽ സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് സമ്മേളിക്കുകയും സിലബസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ